പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3762 — 14.03.2017 -ൽ മറുപടിക്ക്.

## ഗ്യാസ് സിലിണ്ടറുകളിൽ അളവിൽ ഉണ്ടാകുന്ന വ്യത്യാസം

| ചോദ്യം<br>**ശ്രീമതി.വീണാ ജോർജ്ജ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേരളത്തിൽ വിതരണം ചെയ്യുന്ന ഗ്യാസ് സിലിണ്ടറുകളിൽ അളവിൽ ഉണ്ടാകുന്ന വ്യത്യാസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്; ബോട്ട് ലിംഗ് പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന പാചക വാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പ് വരുത്തി യതിനു ശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസ മുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്ത മാക്കുമോ ;<br>(സി) അളവിൽ വ്യത്യാസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) & (സി) ഉണ്ട്. മിന്നൽ പരിശോധനകളും പ്രത്യേക പരിശോധന കളും നിരന്തരം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ പരാതികൾക്ക് മുൻ ഗണനൽകി സമയബന്ധിതമായി വ്യാപാര സ്ഥാപനങ്ങ ളിലും ഡെലിവറി വാഹനങ്ങളിലും പരിശോധനകൾ നടത്താറുണ്ട്. അളവിൽ കുറവ് എൽ.പി.ജി സിലിണ്ട റിൽ നിറച്ച് വിൽപ്പന നടത്തിയ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ ബോട്ട് ലിംഗ് പ്ലാന്റിന് എതിരെ നിയമ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. കൂടാതെ അളവിൽ വ്യത്യാസം വരുത്തി വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ